**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മാലിന്യ പരിപാലനത്തിനുള്ള തദ്ദേശീയ സാങ്കേതിക വിദ്യകളും തെരഞ്ഞെടുക്കപ്പെട്ട ഇതര സാങ്കേതികവിദ്യകളും ഗാർഹികതലം/ റസിഡൻഷ്യൽ കോളനിതലം/സ്കൂളുകളടക്കമുള്ള ഇതര സ്ഥാപനതലങ്ങളിൽ സ്ഥാപിക്കുന്നത് - മാർഗ നിർദ്ദേശങ്ങൾ നൽകി ഉത്തരവ്പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ (സാധ) നമ്പർ 1457/2012/തസ്വഭവ    തീയതി, തിരുവനന്തപുരം 28.5.2012

==========================================================================

പരാമർശം:- 1) സ.ഉ (സാധ) നമ്പർ 718/2012/തസ്വഭവ    തീയതി 9.3.2012.
2) സ.ഉ (സാധ) നമ്പർ 465/2012/തസ്വഭവ    തീയതി 14.2.2012.
3) സ.ഉ (എം.എസ്) നമ്പർ 318/2011/തസ്വഭവ    തീയതി 20.12.2011
4) സ.ഉ (സാധ) നമ്പർ 561/2012/തസ്വഭവ    തീയതി 24.2.2012.
5) സ.ഉ (കൈ) നമ്പർ 06/2012/തസ്വഭവ    തീയതി 4.1.2012.
6) സ.ഉ (സാധ) നമ്പർ 581/2012/തസ്വഭവ    തീയതി 25.2.2012.
7) സ.ഉ (എം.എസ്) നമ്പർ 73/2011/തസ്വഭവ    തീയതി 1.3.2011.

**ഉത്തരവ്**

പരാമർശം(1)ലെ സർക്കാർ ഉത്തരവ് പ്രകാരം ഗാർഹിക/ഗാർഹിക സമുച്ചയ/റസിഡൻഷ്യൽ കോളനി/സ്കൂളുകളടക്കമുള്ള ഇതര സ്ഥാപനങ്ങളിൽ മാലിന്യപരിപാലനത്തിന് വേണ്ടി സ്ഥാപിക്കുവാൻ കഴിയുന്ന തദ്ദേശീയമായ സാങ്കേതിക വിദ്യകളും തെരഞ്ഞെടുക്കപ്പെട്ട ഇതര സാങ്കേതികവിദ്യകളും പഠനവിധേയമാക്കിയ കമ്മിറ്റി റിപ്പോർട്ട് ഉറവിടമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുവാനായി സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം(7)ലെ സർക്കാർ ഉത്തരവ് പ്രകാരം ഗാർഹിക/സ്ഥാപന/കമ്മ്യൂണിറ്റിതല ങ്ങളിൽ മാലിന്യപരിപാലനത്തിനു വേണ്ടി സ്ഥാപിക്കുവാൻ കഴിയുന്ന പ്രധാനപ്പെട്ട സാങ്കേതികവിദ്യകളായ മണ്ണിര കമ്പോസ്റ്റിംഗ്, റിംഗ് കമ്പോസ്ററിംഗ്, വിൻഡ്രോ കമ്പോസ്ററിംഗ്, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ അംഗീകരിച്ചും പ്രസ്തുത സാങ്കേതിക വിദ്യകൾ പ്രകാരം ഗാർഹിക/സ്ഥാപന/കമ്മ്യൂണിറ്റിതലത്തിൽ സ്ഥാപിക്കുന്ന പ്ലാന്റുകളിൽ അവലംബിക്കേണ്ട സ്റ്റാൻഡേർഡ്, ഓരോ ഘട്ടങ്ങളുടേയും സ്പെസിഫിക്കേഷൻ എന്നിവയും അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്.

പരാമർശം(7)ലെ സർക്കാർ ഉത്തരവിനെ അടിസ്ഥാനപ്പെടുത്തി ഗാർഹിക/ഗാർഹിക സമുച്ചയ/റസിഡൻഷ്യൽ കോളനി/സ്കൂളുകൾ/സ്ഥാപനതലങ്ങളിൽ സ്ഥാപിക്കുവാൻ കഴിയുന്ന ഇതരമാലിന്യ പരിപാലന സാങ്കേതിക വിദ്യകളും അവ നടപ്പാക്കുമ്പോൾ അവലംബിക്കേണ്ട മാർഗനിർദ്ദേശങ്ങളും ചുവടെ ചേർത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

എ) ഗാർഹിക തലം.

| ക്രമ നം. | സാങ്കേതിക വിദ്യ | കമ്പോസ്റ്റിംങ്ങിന്റെ വിവരണം സംക്ഷിപ്തം |
|---|---|---|
| 1. | മൺകലത്തിലെ കമ്പോസ്റ്റിംഗ് | ഏകദേശം 1 അടി ഉയരവും 1 അടി വ്യാസവുമുള്ള മൺകലത്തിൽ ജൈവമാലിന്യം നിക്ഷേപിച്ച് എയറോബിക് കമ്പോസ്റ്റിംങ്ങ് ചെയ്യുന്ന രീതി, 2 കലങ്ങൾ, 2 ട്രൈപോഡ് സ്റ്റാന്റ് എന്നിവ വേണം. |
| 2. | ബയോപെഡസ്റ്റൽ കമ്പോസ്റ്റിംഗ് | ചുറ്റും സുഷിരമുള്ള പ്ലാസ്റ്റിക് ബക്കറ്റ് മണ്ണിൽ കുഴിയെടുത്ത് കമഴ്ത്തി വച്ച് 15-20 സെ.മീ. വ്യാസവും, 150 സെ.മീ നീളവുമുള്ള രണ്ടു പി.വി.സി പൈപ്പുകൾ അതിലേക്ക് സ്ഥാപിച്ച് എയറോബിക് കമ്പോസ്റ്റിംഗ് ചെയ്യുന്ന രീതി. |
| 3. | മോസ്പിറ്റ് കമ്പോസ്റ്റിംഗ് | മണ്ണിൽ ചെറിയ കുഴിയെടുത്ത് 10 സെ.മീ. വ്യാസവും 40 സെ.മീ നീളവുമുള്ള പി.വി.സി പൈപ്പ് ഘടിപ്പിച്ച് കോൺക്രീറ്റ് സ്ളാബ് കൊണ്ട് അടച്ച ശേഷം മാലിന്യം നിക്ഷേപിച്ച് എയറോബിക് കമ്പോസ്റ്റിംഗ് ചെയ്യുന്ന രീതി. |
| 4. | ജൈവ സംസ്കരണ ഭരണി കമ്പോസ്റ്റിംഗ് | 3 തട്ടുകളായുള്ള കളിമൺ ഭരണികളിൽ ജൈവമാലിന്യം നിക്ഷേപിച്ച് എയറോബിക് കമ്പോസ്റ്റിംഗ് ചെയ്യുന്ന രീതി. |
| 5. | ചെറിയ ബയോബിൻ കമ്പോസ്റ്റിംഗ് | 50 ലിറ്റർ ശേഷിയുള്ള രണ്ട് എച്ച്.ഡി.പി.ഇ ഷീറ്റിൽ നിർമ്മിച്ച ബിന്നുകളിൽ വേസ്ററ് നിക്ഷേപിച്ച് അനയറോബിക് കമ്പോസ്റ്റിംഗ് രീതി. |
| 6. | പോളിമർ ടംബ്ളറിൽ കമ്പോസ്റ്റിംഗ് | പോളിമർ ടംബ്ളറിൽ അനയറോബിക് കമ്പോസ്റ്റിംഗ് ചെയ്യുന്ന രീതി. |
| 7. | പൈപ്പ് കമ്പോസ്റ്റിംഗ് | 20 സെ.മീ. വ്യാസവും 1 മീ നീളവുമുള്ള രണ്ടു പി.വി.സി പൈപ്പുകളും അടപ്പും 30 സെ.മീ ആഴത്തിൽ മണ്ണിൽ കുഴിയെടുത്തശേഷം പൈപ്പുകൾ ഉറപ്പിക്കുന്നു. പൈപ്പിനുള്ളിൽ ജൈവമാലിന്യം നിക്ഷേപിച്ച് എയറോബിക് കമ്പോസ്റ്റിംഗ് ചെയ്യുന്ന രീതി. |
| 8. | പോർട്ടബിൾ പ്ളാസ്റ്റിക് ബിൻ/ ബക്കറ്റ് കമ്പോസ്റ്റിംഗ് | 50 ലിറ്റർ കപ്പാസിറ്റിയിലുള്ള രണ്ട് കലങ്ങളും മൂടിയും അല്ലെങ്കിൽ പ്ലാസ്റ്റിക് ബിൻ/ബക്കറ്റ് 2 എണ്ണം. കലം/ബിൻ/ബക്കറ്റിനടിയിൽ ലിച്ചേറ്റ് ശേഖരിക്കുന്നതിനുള്ള ടാപ്പ്, മാലിന്യം നിക്ഷേപിച്ച് എയറോബിക് കമ്പോസ്റ്റിംഗ് ചെയ്യുന്ന രീതി. ഇടയ്ക്ക് മാലിന്യത്തിൽ ചാണകപ്പൊടി വിതറി കൊടുക്കണം. |

നഗരസഭകളിലും പഞ്ചായത്തുകളിലും ഉറവിടമാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വീടുകളിൽ മുൻപറഞ്ഞ സാങ്കേതികരീതികൾ പ്രയോജനപ്പെടുത്താവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഗുണഭോക്താക്കൾക്ക് സ്വീകാര്യമായ സാങ്കേതിക രീതി ഏതെന്ന് നിശ്ചയിച്ച് യഥാവിധി സൂചനകൾ 2,3,4, & 7ൽ പറയുന്ന ഉത്തരവുകളിലെ മാർഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പ്രോജക്ട് തയ്യാറാക്കി നടപ്പാക്കേണ്ടതാണ്.

**ബി. <u>അപ്പാർട്ട്മെന്റ്/റസിഡൻഷ്യൽ കോളനിതലം</u>**

അപ്പാർട്ടുമെന്റുകളിലും റസിഡൻഷ്യൽ കോളനികളിലും നിലവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള സാങ്കേതികരീതികളായ ബയോഗ്യാസ്, വെർമി കമ്പോസ്റ്റ്, വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റുകൾക്കുപരിയായി ചുവടെ പറയുന്ന രീതികളും അവലംബിക്കാം.

| | | |
|---|---|---|
| 1. | ബയോബിന്നുകൾ/പോർട്ടബിൾ ബയോബിൻ കമ്പോസ്റ്റിംഗ് | ഫ്ളാറ്റുകളുടെ ടെറസിൽ 180 സെ.മീ, 90 സെ.മീ, 75 സെ.മീ അളവിൽ പ്രതിദിനം 40-45 കിലോഗ്രാം അടുക്കള വേസ്റ്റ് കൈകാര്യം ചെയ്യാൻ ശേഷിയുള്ള ബിന്നുകളിൽ എയറോബിക് കമ്പോസ്റ്റ് ചെയ്യുന്ന രീതി. |
| 2. | കേന്ദ്രീകൃത ബയോടാങ്ക് കമ്പോസ്റ്റിംഗ് | തറയിൽ പാറകൊണ്ട് കെട്ടിയെടുത്ത പ്ളാറ്റ്ഫോമിൽ 2 മീ., 1.2 മീ, 1 മീ അളവിൽ സ്ഥാപിക്കുന്ന ബയോബിന്നുകളിൽ എയറോബിക് കമ്പോസ്റ്റിംഗ് ചെയ്യുന്ന രീതി. |
| 3. | എയ്റോബിക് ഫെറോസിമന്റ് ബിൻ കമ്പോസ്ററിംഗ് | 4', 4', 4' അളവിൽ 4 സെ.മീ കനത്തിൽ വാർത്തെടുക്കുന്ന ഫെറോസിമന്റ് ടാങ്കിൽ എയറോബിക് കമ്പോസ്ററ് ചെയ്യുന്ന രീതി. |
| 4. | മെക്കാനിക്കൽ കമ്പോസ്ററിംഗ് | ജൈവമാലിന്യം മെഷീൻ ഉപയോഗിച്ച് അരച്ചെടുത്ത ശേഷം പ്ലാസ്റ്റിക് ബാസ്കറ്റുകളിൽ പ്രത്യേകമായി സൂക്ഷിച്ച് എയ്റോബിക് കമ്പോസ്റ്റ് ചെയ്യുന്ന രീതി |

നഗരസഭാ പ്രദേശങ്ങളിൽ മുൻപറഞ്ഞ സാങ്കേതിക രീതികൾ കൂടി പ്രയോജനപ്പെടുത്തി ഉറവിടമാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുവാൻ സംസ്ഥാനത്തെ നഗരസഭകൾ നടപടികൾ സ്വീകരിക്കേണ്ടതാണ്. യഥാവിധി സൂചന 5,6 ഉത്തരവുകളിൽ വ്യക്തമാക്കപ്പെട്ട പ്രകാരം പ്രോജക്ട് രൂപീകരണ നിർവഹണ നടപടികൾ സ്വീകരിക്കേണ്ടതും സബ്സിഡി അനുവദിക്കേണ്ടതുമാണ്.

സി. <u>പൊതുസ്ഥാപനങ്ങൾ/ സ്ഥലങ്ങൾ</u>

അപ്പാർട്ട്മെന്റ്/റസിഡൻഷ്യൽ കോളനികളിൽ സ്ഥാപിക്കുവാനായി നിർദ്ദേശിക്കപ്പെട്ട സാങ്കേതികരീതികൾക്കുപരിയായി ചുവടെ പറയുന്ന സാങ്കേതിക രീതികളും സ്ഥാപനങ്ങളുടേയും സ്ഥലങ്ങളുടേയും സാഹചര്യങ്ങൾക്കനുസൃതമായി ടോയ്ലറ്റ് മാലിന്യസംസ്കരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി സ്വീകരിക്കാവുന്നതാണ്.

1) ബയോടോയ്ലററ് :- കക്കൂസ്മാലിന്യം പരിപാലനം ചെയ്യുന്നതിന് ഡി.ആർ.ഡി.ഒ.യുടെ അംഗീകാരം നേടിയ ബയോടോയ്ലറ്റ് സംവിധാനം.

2) ഇ-ടോയ്ലറ്റ് :- ഇലക്ട്രോണിക് സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി വികസിപ്പിച്ചിട്ടുളള ഇലക്ട്രോണിക് ടോയ്ലെറ്റ് സംവിധാനം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പ്രദേശത്ത് മാലിന്യനിർമ്മാർജ്ജനം ഉറപ്പാക്കുന്നതിന് ഏതെല്ലാം തരം സാങ്കേതികവിദ്യകളാണ് വേണ്ടതെന്ന് ജനപങ്കാളിത്ത ത്തോടെ വിലയിരുത്തുകയും അതിനനുസൃതമായി പ്രോജക്ട് തയ്യാറാക്കുകയും വേണം. സാങ്കേതികവിദ്യ തെരഞ്ഞെടുക്കുന്നതിനും നിർദ്ദേശിക്കുന്നതിനുമുള്ള അവസരം ഗുണഭോക്താക്കൾ/ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് നൽകേണ്ടതാണ്. അതേ സമയം ഓരോ അപ്പാർട്ട്മെന്റ്/ റസിഡൻഷ്യൽ കോളനിക്ക് ഏറ്റവും ഉചിതമായ

സാങ്കേതിക രീതി തെരഞ്ഞെടുത്ത് പരിസ്ഥിതി സൗഹൃദമായി കമ്പോസ്റ്റിംഗ് നടത്തുന്നതിനുള്ള ഉപദേശവും നിർദ്ദേശവും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനം നൽകേണ്ടതാണ്. സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾ, സേവനദാതാക്കൾ (Service Providers) മറ്റ് സ്ഥാപനങ്ങൾ എന്നിവർ മുഖേന മാലിന്യപരിപാലന സംവിധാനങ്ങൾ സ്ഥാപിക്കപ്പെടുമ്പോൾ നിലവിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പാലിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം

രാജേഷ് കുമാർ സിംഗ്
അഡിഷണൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
കമ്മിഷണർ, ഗ്രാമവികസന വകുപ്പ്.
എല്ലാ പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസനവകുപ്പ് കമ്മിഷണർ മുഖേന)
ഡയറക്ടർ, കില, തൃശൂർ.
ഡയറക്ടർ, എസ്.ഐ.ആർ.ഡി, കൊട്ടാരക്കര.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E)/(LBA&A), (Audit),കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

പകർപ്പ്: തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ